LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിക്കാർക്ക് സെൻസസ്

243 (3083) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ സെൻസസ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര ഭിന്നശേഷിക്കാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പരിപാടികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ ;

(സി) ഭിന്നശേഷിക്കാരായ യുവതികളുടെ വിവാഹത്തിന് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിക്കാരുടെ സെൻസസ് നടന്നുവരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സെൻസസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

2. അന്ധ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ്, നിയമപുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണ എക്സ്ഗ്രേഷ്യ അനുവദിക്കുന്ന പദ്ധതി

3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിന് പരമാവധി രണ്ട് വർഷത്തേയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി

4. Persons with Disabilities രജിസ്ട്രേഷനുള്ള മാനസികരോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി

5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വികലാംഗ ദുരിതാശ്വാസ നിധി എന്ന പദ്ധതി

6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ അച്ഛനമ്മമാരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായമായി 10,000 രൂപ നൽകുന്ന പദ്ധതി

7. കാഴ്ചവൈകല്യമുള്ളവർക്ക് daisy player, Talking calculator, Brailli kit, Mobility White cane, Magnifying glass എന്നീ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി

(സി) ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ യുവതികളുടെ വിവാഹത്തിന് ധനസഹായമായി 10,000 രൂപ നൽകുന്ന പദ്ധതി ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന നടപ്പിലാക്കിവരുന്നു.

മിശ്രവിവാഹിതർക്കുള്ള ധനസഹായം

244 (3084) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ധനസഹായവും സംരക്ഷണവും നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പുവഴി മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്നും എത്ര രൂപവീതമാണ് ഈയിനത്തിൽ ധനസഹായമായി നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഓരോ വിഭാഗത്തിനും അനുവദിക്കുന്ന ധനസഹായം എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിൽപ്പെട്ട മിശ്രവിവാഹിതർക്കാണ് സാമൂഹ്യനീതി വകുപ്പ് മുഖാന്തരം ധനസഹായം നൽകുന്നത്.

(ബി) വാർഷിക വരുമാനം 50,000 രൂപയ്ക്ക് താഴെയുള്ള മിശ്രവിവാഹിതർക്ക് ഒറ്റത്തവണ ധനസഹായമായി 30,000 രൂപ അനുവദിക്കുന്നു. മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം, തുടർന്നുള്ള 2 വർഷത്തിനുള്ളിൽ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് 30,000 രൂപ ധനസഹായമായി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly